പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *219

17.08.2017 -ലെ മറുപടിയ്ക്ക്

## ജനനി ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ.ആന്റണി ജോൺ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുറഞ്ഞ വേതനക്കാരായ തൊഴിലാളികൾക്കായി ജനനി ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്; പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; | എ) &ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകുന്നതിന് 'ജനനി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 അപ്പാർട്ട്മെൻറ്കളുടെയും (715 sqft), ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 അപ്പാർട്ട്മെൻറ്കളുടെയും (645 sqft) നിർമ്മാണം പുരോഗമിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ ജനനി പദ്ധതി ആക്കുളം സ്കീമിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജനനി പദ്ധതി- കൊച്ചി സ്കീമിനായി (എറണാകുളം ജില്ല) ജില്ലാ കളക്ടറുടെ ജില്ലാതല പർച്ചേസ് കമ്മിറ്റി (District Level Purchase Committee) നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി വാങ്ങുന്നതിനുള്ള പ്രക്രിയയിലാണ്. |
| സി) തോട്ടം മേഖലയിൽ സ്വന്തമായി വീടില്ലാത്ത തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) "ഭവനം പദ്ധതി - തോട്ടം മേഖലയിൽ സ്വന്തം വീട് സ്കീം" നടപ്പിലാക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ഈ സ്കീം അനുസരിച്ച് സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sqft ഉള്ള വ്യക്തിഗത വീടുകളും, സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sqft ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ആണ് ഈ സ്കീംമിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിൽ രണ്ട് ബെഡ്റൂം, മൾട്ടി പർപ്പസ് ഹാൾ (Multipurpose Hall), അടുക്കള, കുളിമുറി, ബാത്ത്റൂം എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. |

Sreelekha

സെക്ഷൻ ഓഫീസർ